# വേദാർഥവിചിന്തനം
## നവ്യമാനങ്ങൾ

ലേഖനസമാഹാരം

പ്രസാധനം:
ഡോ. കെ.എ. രവീന്ദ്രൻ



സമാഹരണം:
കടവല്ലൂർ അന്യോന്യപരിഷത്ത്

Scanned by CamScanner



ഡോ. കെ.എ. രവീന്ദ്രൻ

# വേദാർഥവിചിന്തനം
## നവ്യമാനങ്ങൾ

പ്രാചീനഭാരതീയസംസ്കാരത്തിന്റേയും വിജ്ഞാനപൈതൃകത്തിന്റേയും ആണിക്കല്ലുകളാണല്ലോ വേദങ്ങൾ. അവയുടെ പഠനം സാധ്യമാക്കുന്നതിന് വേദാംഗങ്ങളുടെ പരിജ്ഞാനം തികച്ചും ആവശ്യമാണ്. വേദപഠനത്തിന്റെ നൂതനസാധ്യതകൾ കണ്ടെത്തുക എന്നതും, ആധുനികപശ്ചാത്തലത്തിൽ അവയെ മനസ്സിലാക്കാൻ ശ്രമിക്കുക എന്നതും മുന്നിൽ കണ്ടുകൊണ്ടാണ് 2016ലെ കടവല്ലൂർ അന്യോന്യത്തോടനുബന്ധിച്ച് 'വേദങ്ങൾ - വേദാംഗങ്ങൾ - നൂതനസാധ്യതകൾ' എന്ന വിഷയത്തിൽ അന്യോന്യപരിഷത്ത് ദേശീയസെമിനാർ സംഘടിപ്പിച്ചത്. സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം.

വള്ളത്തോൾ വിദ്യാപീഠം
ശുകപുരം,
എടപ്പാൾ 679 576

വിതരണം:
നാഷണൽ ബുക്ക് സ്റ്റാൾ
കോട്ടയം

₹: 200
ISBN 978-93-83570-91-1
9 789383 570911 >

Scanned by CamScanner

Malayalam

***Vedarthavichintanam-Navyamanangal***

(Reflections on Vedic Lore : New Dimensions)
Malayalam, English and Sanskrit Articles on Vedic Studies

Edited by **K.A. Ravindran**
Associate Professor, Department of Sanskrit-Sahitya,
Co-ordinator, Centre for Sanskrit-Vedic Studies,
Sree Sankaracharya University of Sanskrit,
Kalady, Ernakulam Dist., Kerala.

Compiled by: Kadavallur Anyonya Parishath

Publishers:
**VALLATHOL VIDYAPEETHAM**
Sukapuram. P.O., Edapal, Malappuram. Dt., 679 576 Kerala
www.vallatholtrust.org, e-mail : vallatholtrust@gmail.com
Ph: 0494 - 2680410, 2680420
First Published : August 2018
Layout : Agni IT Solutions, Kunnamkulam
Cover : Agni
Printed at : Premier Printers, Calicut

Distributors:
**NATIONAL BOOK STALL**
Thiruvananthapuram Kollam Kottayam Alappuzha
Eranakulam (Marine Drive) Thrissur Palakkad Kozhikode
Kannur Kalpetta

**₹ 200/-**
S206-1-1000-082018

# വേദാർഥവിചിന്തനം
## നവ്യമാനങ്ങൾ

പ്രസാധനം
**കെ.എ. രവീന്ദ്രൻ**

സമാഹരണം
**കടവല്ലൂർ അന്യോന്യപരിഷത്ത്**

**വള്ളത്തോൾ വിദ്യാപീഠം**
ശുകപുരം-679 576

വിതരണം
**നാഷണൽ ബുക്ക് സ്റ്റാൾ**
കോട്ടയം-686 001

Scanned by CamScanner

## ഉള്ളടക്കം


പ്രസ്താവന / Preface

**യാസ്കനിരുക്തം:**
**പ്രസക്തിയും പ്രാധാന്യവും** / ഡോ. കെ.പി. ശ്രീദേവി 9

**സ്മൃതിഗ്രന്ഥങ്ങളും**
**ആധുനികനിയമവ്യവസ്ഥയും** / ഡോ. പാലനാട് വാസുദേവൻ 27

**സംസ്കൃതവ്യാകരണത്തിലെ**
**അതിനിയമങ്ങൾ: ഒരു പര്യവേക്ഷണം** / ഡോ. യമുന കെ. 42

**യാസ്കന്റെ നിരുക്തം**
**സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ** / ഡോ. ശ്രീജ കെ.പി. 56

**ശ്രൗതസൂത്രങ്ങൾ:**
**പ്രമേയവും വിവക്ഷയും** / ഡോ. പൂർണ്ണിമ ജി. 69

**ഗൃഹ്യസൂത്രങ്ങൾ:**
**ഉള്ളടക്കവും വിവക്ഷയും** / സുധാഞ്ജലി പി.എസ്. 82

**ധർമ്മസൂത്രങ്ങളും**
**ആധുനികസമീപനങ്ങളും** / ഡോ. മഞ്ജു പി.എം. 95

**വേദാംഗജ്യോതിഷവും ജ്യോതിഷവും:**
**വിമർശനാത്മകസമീപനം** / ടി.എസ്. ശ്യാംകുമാർ 103

**Vedic Studies :**
**Possibilities and Challenges** / Dr. P.V. Ramankutty 115

**Karmapañjikā : A Ritual Manual**
**of Paippalāda Atharvavedins** / Dr. Shilpa Sumant 122

**Evolution of the World :**
**A Journey with Nirukta** / Dr. Mugdha Gadgil 137

**Pāṇini's Account of the**
**Ritualistic Language** / Dr. Prasad P. Joshi 146

**Development of Astronomy and**
**Astrology from the Vedâṅgajyotiṣa** / Dr. Ambarish V. Khare 153

**Vedic Ideals in Śaiva Religious Texts** / Dr. S.A.S. Sarma 159

**वेदपरिरक्षणे सन्धिः** / डा. एम्. प्रफुल्ला 187

**व्याकरणस्य वेदोपयोगित्वम्** / डा. जयनिशा के. 191


Scanned by CamScanner

# സംസ്കൃതവ്യാകരണത്തിലെ അതിനിയമങ്ങൾ: ഒരു പര്യവേക്ഷണം

ഡോ. യമുന കെ.

വാക്യഘടനയെ വിവരിക്കുക അഥവാ നിശ്ചിതപ്പെടുത്തുക എന്നതാണ് സാമാന്യമായി ഏതൊരു ഭാഷയുടെയും വ്യാകരണംകൊണ്ടുദ്ദേശിക്കുന്നത്. ഒരു ഭാഷയിലെ അപഗ്രഥനയോഗ്യമായ എല്ലാ വാക്യങ്ങളേയും സൃഷ്ടിക്കാനുതകുന്ന നിയമസംഹിതയാണ് വ്യാകരണം എന്ന് ചോംസ്കി അഭിപ്രായപ്പെട്ടിട്ടുണ്ട്. സാധ്യമായ വ്യാകരണഘടകങ്ങളെ വേർതിരിച്ച് പരിചയപ്പെടുത്തുകയും അവയെ വാക്യങ്ങളിലെങ്ങനെയെല്ലാം ഉൾച്ചേർക്കാം എന്ന് പ്രസ്താവിക്കുകയും ചെയ്യുന്നതുതന്നെയാണ് ഒട്ടെല്ലാ ഭാഷാവ്യാകരണങ്ങളുടേയും ശൈലി. ഓട്ടോ ജസ്പേർസന്റെ *മോഡേൺ ഇംഗ്ലീഷ് ഗ്രാമർ* (ഏഴു വാല്യം - 1909-49) എന്ന ഇംഗ്ലീഷ് വ്യാകരണഗ്രന്ഥം ഉദാഹരണമായിട്ടെടുക്കാം. ഇരുപതാം നൂറ്റാണ്ടിൽ ആധുനികഭാഷാശാസ്ത്രത്തിന്റെ ആവിർഭാവത്തോടെയാണ് ഭാഷയെ സമഗ്രമായും വസ്തുനിഷ്ഠമായും പഠിക്കുകയും വിവരിക്കുകയും ചെയ്യുന്ന രീതി സാർവ്വത്രികമാകുന്നത്.

ബി.സി. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നുവെന്നു വിശ്വസിക്കുന്ന പാണിനിയാണ് ഇന്ന് ഏറ്റവും അംഗീകൃതനായ സംസ്കൃതവൈയാകരണൻ. അദ്ദേഹം മുന്നോട്ടുവെച്ച വ്യാകരണമെന്ന സങ്കല്പനവും സമീപനവും മറ്റു വ്യാകരണങ്ങളുടേതിൽ നിന്ന് വേറിട്ടുനിൽക്കുന്നതായി കാണാം. ഭാരതത്തിൽ വ്യാകരണം പദശാസ്ത്രം എന്നാണ് അറിയപ്പെട്ടിരുന്നത്. പദങ്ങളുടെ നിഷ്പത്തി വിവരിക്കുകയാണ് സംസ്കൃതവ്യാകരണം പ്രാഥമികമായി ചെയ്യുന്നത്. എന്നാൽ ഈ വിവരണത്തിലൂടെത്തന്നെ വാക്യനിർമ്മാണത്തിനാവശ്യമായ വസ്തുതകൾ അനാവൃതമാകുകയും ചെയ്യുന്നു. അർത്ഥത്തെ നിമിത്തസ്ഥാനത്തുമാത്രം നിർത്തിക്കൊണ്ട് പദഘടനയുടെ വിവരണത്തിലൂടെ ക്രിയാകേന്ദ്രിതമായ അർത്ഥബോധം ഉളവാക്കുന്ന വാക്യനിർമ്മിതികളിൽ എത്തിച്ചേരുന്ന തരത്തിലാണ് പാണിനിയുടെ സംസ്കൃതവ്യാകരണഗ്രന്ഥമായ *അഷ്ടാധ്യായി*യുടെ രചനാരീതി. സൂത്രശൈലിയാണ് അഷ്ടാധ്യായിയുടെത്.

പ്രാചീനഭാരതത്തിൽ വൈദികകാലാനന്തരം സൂത്രശൈലിയിൽ പല ശാസ്ത്രഗ്രന്ഥങ്ങളും രചിക്കപ്പെട്ടിട്ടുണ്ട്. സാങ്കേതികസംജ്ഞകളും സാങ്കേതികോപായങ്ങളും അവലംബിച്ചുകൊണ്ട് സമഗ്രമായും എന്നാൽ ഏറ്റവും ചുരുങ്ങിയ വാക്കുകൾകൊണ്ടും വിഷയം പ്രതിപാദിക്കുന്നതാണ് സൂത്ര

Scanned by CamScanner

# ശ്രൗതസൂത്രങ്ങൾ :
# പ്രമേയവും വിവക്ഷയും

**ഡോ. പൂർണ്ണിമ ജി.**

വൈദികപാരമ്പര്യത്തിന്റെ അനുസ്യൂതിയെ മുൻനിർത്തി ഉടലെടുത്ത അനുബന്ധവിജ്ഞാനശാഖകളാണ് വേദാംഗങ്ങൾ. ശിക്ഷ, കല്പം, നിരുക്തം, വ്യാകരണം, ഛന്ദസ്സ്, ജ്യോതിഷം എന്നീ ആറു വേദാംഗങ്ങളിൽ കല്പസൂത്രങ്ങൾ വൈദികാനുഷ്ഠാനങ്ങളെ പ്രതിപാദിക്കുന്നു. "കല്പ്യതേ സമർത്ഥ്യതേ യാഗപ്രയോഗോഽത്ര" എന്നു ഋഗ്വേദഭാഷ്യഭൂമിക. "കല്പം വേദവിഹിതാനാം കർമണാമാനുപൂർവ്യേണ കല്പനാശാസ്ത്രം" എന്നു ഋഗ്വേദപ്രാതിശാഖ്യം. കല്പത്തെ വേദപുരുഷന്റെ കൈകളായാണ് സങ്കല്പിച്ചിരിക്കുന്നത് (ഹസ്തൗ കല്പോഽഥ പഠ്യതേ).

ശ്രൗതസൂത്രങ്ങൾ, ഗൃഹ്യസൂത്രങ്ങൾ, ധർമ്മസൂത്രങ്ങൾ, ശുല്ബസൂത്രങ്ങൾ എന്നീ നാലുവിഭാഗങ്ങൾ കല്പസൂത്രങ്ങളിൽ ഉൾപ്പെടുന്നു. ശ്രുതിവിഹിതമായ യാഗകർമ്മങ്ങളെ അതായത്, ശ്രൗതകർമ്മങ്ങളെ ശ്രൗതസൂത്രങ്ങൾ പ്രതിപാദിക്കുന്നു. ധർമ്മസൂത്രങ്ങളും ഗൃഹ്യസൂത്രങ്ങളും സ്മാർത്തകർമ്മങ്ങളെ (പരമ്പരാപ്രാപ്തങ്ങളായവയെ) വിധിക്കുന്നു. യാഗവേദിയുടെ നിർമ്മാണത്തേയുമളവുകളേയും അടയാളപ്പെടുത്തുന്ന ശുല്ബസൂത്രങ്ങളെ ശ്രൗതസൂത്രങ്ങളുടെ അനുബന്ധമായി കണക്കാക്കാവുന്നതാണ്.

ഇന്ത്യയുടെ സൂത്രകാലഘട്ടത്തിലെ അനുഷ്ഠാനപ്രധാനമായ ജനജീവിതത്തെ അറിയുവാൻ കല്പസൂത്രപഠനം അനിവാര്യമാണ്. യജുർവേദത്തിൽ തുടങ്ങി ബ്രാഹ്മണങ്ങളിലൂടെ വളർന്ന് യാഗകർമ്മങ്ങളിലെ വിവിധചടങ്ങുകളേയും ക്രിയകളേയും ക്രമമായി ചിട്ടപ്പെടുത്തിയിരിക്കുന്ന പ്രായോഗികസഹായഗ്രന്ഥങ്ങളാണ് കല്പസൂത്രങ്ങൾ; വിശിഷ്യ, ശ്രൗതസൂത്രങ്ങൾ. യാഗം ചെയ്യുവാനായി യാജ്ഞികർ കല്പസൂത്രങ്ങളെ ആശ്രയിക്കുന്നു. കുമാരിലഭട്ടൻ *തന്ത്രവാർതിക*ത്തിൽ ഇപ്രകാരം പറയുന്നു.-

> വേദാദൃതേഽപി കുർവന്തി കല്പൈഃ കർമാണി യാജ്ഞികാഃ,
> ന തു കല്പൈർവിനാ കേചിത് മന്ത്രബ്രാഹ്മണമാത്രകാത്.

അപൗരുഷേയങ്ങൾ എന്നറിയപ്പെടുന്ന മന്ത്രബ്രാഹ്മണാത്മകമായ ശ്രുതിസാഹിത്യത്തിൽ ഇവ ഉൾപ്പെടുന്നില്ല. എന്നാൽ വൈദികാനുഷ്ഠാനങ്ങളെ മാത്രമുദ്ദേശിച്ചു രചിച്ചവ എന്ന നിലയിൽ പൗരുഷേയങ്ങളെങ്കിലും ഇവയ്ക്ക് വേദാംഗത്വം ഉണ്ട്.

Scanned by CamScanner